(ബി) പാത ഇരട്ടിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുത്തു നൽകുന്നതിനുള്ള നടപടികളിൽ ഉണ്ടായിട്ടുള്ള പുരോഗതി വിവരിക്കുമോ;

(സി) സമയബന്ധിതമായി ഇരട്ടിപ്പിക്കൽ നടപടി പൂർത്തീകരിക്കുമോ എന്നും, എന്നത്തേയ്ക്കു പദ്ധതി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*):

(എ) എറണാകുളം-കായംകുളം റെയിൽപ്പാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് കായംകുളം-മാവേലിക്കര/ ചെങ്ങന്നൂർ, കായംകുളം പേപ്പാട്, പരിപ്പാട് പാത ഇരട്ടിപ്പിക്കലിനാവശ്യമായ ഭൂമി മുൻകൂറായി പൊന്നുംവിലയ്ക്ക് ഏടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. എറണാകുളം-കോട്ടയം-കായംകുളം സെക്ഷനിൽ ഇരട്ടിപ്പിക്കൽ പണി പുരോഗമിച്ചുവരുന്നു. എറണാകുളം-ആലപ്പുഴ-കായംകുളം സെക്ഷനിലും പാത ഇരട്ടിപ്പിക്കൽ പണി പുരോഗമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കലിനാവശ്യമായ ഭൂമി ആവശ്യപ്പെടുന്ന മുറയ്ക്ക് താമസംവിനാ ഏറ്റെടുത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്.

(ബി) പാത ഇരട്ടിപ്പിക്കലിനായി ഭൂമി ഏറ്റെടുത്തു നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി കൃത്യമായി വിലയിരുത്തി വരുന്നുണ്ട്.

(സി) സമയബന്ധിതമായി പാത ഇരട്ടിപ്പിക്കൽ നടപടി പൂർത്തീകരിക്കുന്നതിനായി അതിനോടനുബന്ധിച്ച് നടന്നുവരുന്ന നടപടികളുടെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. പാതയിരട്ടിപ്പിക്കൽ താമസംവിനാ നടപ്പിലാക്കുന്നതിന് റെയിൽവേ അധികൃതർക്കു വേണ്ടിവരുന്ന എല്ലാ സഹായവും ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി സമീപഭാവിയിൽതന്നെ പൂർത്തിയാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

കുടിവെള്ള കാര്യത്തിൽ സ്വയംപര്യാപ്തത

*9 [277] *ശ്രീ. സാജു പോൾ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മഞ്ഞളാംകുഴി അലി:
„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ കാര്യത്തിൽ ഏത് വർഷത്തിനകം സ്വയംപര്യാപ്തതയിലെത്തിക്കുമെന്നായിരുന്നു യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നയുടൻ പ്രഖ്യാപിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്നത്തെ നിലയിൽ കേരളം കുടിവെള്ള കാര്യത്തിൽ സ്വയം പര്യാപ്തതയിലെത്താൻ ഇനിയും എത്ര വർഷം കാത്തിരിക്കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനായി ഏതെല്ലാം നിലയിൽ പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുകയുണ്ടായി;

(ഡി) സർക്കാരിന്റെ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഇ) ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്കെല്ലാം വേണ്ടി പദ്ധതികൾ തയ്യാറാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*:

(എ) & (ബി) 2007-ാമാണ്ടോടെ മിതമായ തോതിലെങ്കിലും ശുദ്ധജലവിതരണ സൗകര്യങ്ങൾ ഏർപ്പെടുത്തി കുടിവെള്ളത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത യിലെത്തിക്കാമെന്ന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിലും ജനസംഖ്യാവർദ്ധനവുമൂലം പ്രതിശീർഷ ജലലഭ്യത കുറയുന്നതിനാലും ഫണ്ടിന്റെ അപര്യാപ്തത യുള്ളതിനാലും നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തിയാ ക്കുവാനും പുതിയ പദ്ധതികൾ ഏറ്റെടുക്കുവാനും വൈകുന്നതിനാൽ ലക്ഷ്യ പ്രാപ്തി നീണ്ടുപോയേക്കാം.

(സി) പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും നബാർഡ്, ബാങ്കുകൾ, ജെ. ബി. ഐ. സി., ലോകബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയ്ക്കുള്ള അനുമതി ലഭ്യമാക്കുകയുണ്ടായി. ഗഡുക്കളായി വായ്പാ തുക ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2007-ാമാണ്ടോടുകൂടി കുടിവെള്ളത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത യിലെത്താമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ.

(ഇ) ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് വാട്ടർ അതോറിറ്റി പുതിയ പദ്ധതികൾ തയ്യാറാക്കുകയും ഫണ്ട്, സ്ഥലം മുതലായവയുടെ ലഭ്യതയ്ക്ക് വിധേയമായി ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രമിക്കുകയും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly